**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 62** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി.മേഖലയിലെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ എത്ര കോടി രൂപയുടെ ഹാർഡ്‌വെയർ ഉല്പാദനമാണ് നടന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സോഫ്റ്റ് വെയർ സ്റ്റാർട്ട് അപ് മേഖലകളിലാണ് സംസ്ഥാനത്തെ ഐ.ടി മേഖലയ്ക്ക് പ്രമുഖ സ്ഥാനമുള്ളത്. 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഐ.ടി മേഖലയിൽ 9.8 ലക്ഷം രൂപയുടെ ഹാർഡ്‌വെയർ ഉല്പാദനമാണ് നടന്നത്. 2025-26 വർഷം ആകുമ്പോഴേക്കും ഉൽപാദനം ഗണ്യമായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത ഉല്പാദനം 2025-26 വർഷം ആകുമ്പോഴേക്കും എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ; | (ബി) | സോഫ്റ്റ് വെയർ സ്റ്റാർട്ട് അപ് മേഖലകളിലാണ് സംസ്ഥാനത്തെ ഐ.ടി മേഖലയ്ക്ക് പ്രമുഖ സ്ഥാനമുള്ളത്. 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഐ.ടി മേഖലയിൽ 9.8 ലക്ഷം രൂപയുടെ ഹാർഡ്‌വെയർ ഉല്പാദനമാണ് നടന്നത്. 2025-26 വർഷം ആകുമ്പോഴേക്കും ഉൽപാദനം ഗണ്യമായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച വരുന്നത്; വ്യക്തമാക്കുമോ; | (സി) | സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി പാർക്കുകളെ കേന്ദ്രീകരിച്ചാണ് കൂടുതലായും ഐ.ടി വികസനത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ ഐ.ടി പാർക്കുകളിൽ സ്വകാര്യ സംരംഭകരെയും കമ്പനികളെയും ആകർഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. |
| (ഡി) | സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. സംരംഭകർ എത്രയെന്നും ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണം എത്രയെന്നും വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം ടെക്നോപാർക്കിലെ 486 -ഉം, കൊച്ചി ഇൻഫോപാർക്കിലെ 572 - ഉം, കോഴിക്കോട് സൈബർപാർക്കിലെ 84-ഉം ഉൾപ്പെടെ ആകെ 1142 ഐ.ടി. സംരംഭങ്ങളാണുള്ളത്.<br><br>ടെക്നോപാർക്കിൽ 72000-ത്തോളം ജീവനക്കാരും, കൊച്ചി ഇൻഫോ പാർക്കിൽ 65900 - ത്തോളം ജീവനക്കാരും, കോഴിക്കോട് സൈബർ പാർക്കിൽ 2200 - ഓളം ജീവനക്കാരും ഉൾപ്പെടെ ഏകദേശം 140100 ജീവനക്കാർ സംസ്ഥാനത്തെ സർക്കാർ |

| | | | |
|---|---|---|---|
| | | | ഐ.ടി. പാർക്കുകളിലെ ഐ.ടി./ ഐ.ടി. അനുബന്ധ മേഖലകളിൽ ജോലി ചെയ്യുന്നു. |
| (ഇ) | ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയുടെ വികസനത്തിനായി മുൻസർക്കാരും ഈ സർക്കാരും നടത്തിയ പ്രധാന പ്രവർത്തനങ്ങളും അതുവഴിയുണ്ടാക്കിയ തൊഴിലവസരങ്ങളും വ്യക്തമാക്കുമോ? | (ഇ) | മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിന് വേണ്ടി അവർക്ക് ആവശ്യാനുസരണം പ്രത്യേക സാമ്പത്തിക മേഖല/ പ്രത്യേക സാമ്പത്തിക മേഖലയിൽ അല്ലാത്തവ എന്നീ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്റ്റിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഐ.ടി പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.<br><br>പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 62000 ച. അടി ഉൾപ്പെടെ 201.62 ലക്ഷം ച. അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്.<br><br>ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസ്സിൽ ജോലി, പാർപ്പിട സൗകര്യങ്ങൾ, ഷോപ്പിംഗ് സൗകര്യങ്ങൾ, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടെ ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'ക്വാഡ് (QUAD)' - ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ദേശീയ പാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിലവിലെ മൂന്നു സർക്കാർ ഐ.ടി പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് 5000 മുതൽ 50000 വരെ ച. അടി വിസ്തൃതിയിൽ ഐടി സ്പെയിസുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.<br><br>ടെക്നോപാർക്കിൽ 72000-ത്തോളം തൊഴിലവസരങ്ങളും, കൊച്ചി ഇൻഫോ പാർക്കിൽ 65900 - ത്തോളം തൊഴിലവസരങ്ങളും, കോഴിക്കോട് സൈബർ പാർക്കിൽ 2200 - ഓളം തൊഴിലവസരങ്ങളും, ഉൾപ്പെടെ ഏകദേശം 140100 |

| | | | |
|---|---|---|---|
| | | | തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ